**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4657** **19-07-2022 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ പ്രവർത്തനം വിശകലനവിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ മത്സ്യതൊഴിലാളികളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിയിൽ ഫിഷറീസ് സ്കൂളുകൾക്ക് നിർണായകമായ സ്വാധീനം ചെലുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ 10 റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ പഠനത്തിലൂടെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് പൂർണ്ണമായും സൗജന്യമായി താമസിച്ച് പഠിക്കുന്നതിന് സാധിക്കുന്നു.<br><br>ടി സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ഭക്ഷണം, യൂണിഫോം, ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക്, ന്യൂസ് പേപ്പർ, ബാഗ്, ബെഡ്, ബെഡ് ഷീറ്റ്, തലയിണ, സോപ്പ്, ഓയിൽ, സ്റ്റഡി ടൂർ, മ്യൂസിക്, സ്പോർട്സ്, ആർട്സ് ക്ലബ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം തുടങ്ങിയ എല്ലാ മേഖലയിലും പ്രത്യേക പരിശീലനം നൽകി വരുന്നു.<br><br>കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ നിലവിലുള്ള കോഴ്സുകൾ പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും നിരവധി തൊഴിലവസരങ്ങളും ലഭിക്കുന്നു. അപ്രകാരം മത്സ്യത്തൊഴിലാളികളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പുരോഗതിയിൽ ഫിഷറീസ് സ്കൂളുകൾക്ക് നിർണ്ണായക സ്വാധീനം ചെലുത്തുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ബി) | ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | എല്ലാ വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഏതെല്ലാം മേഖലകളിലാണ് നൈപുണ്യ | (സി) | ഓർണമെന്റൽ ഫിഷ് കീപ്പിംഗ് ആന്റ് ബ്രീഡിംഗ്, ഫിഷ് പ്രോസസിംഗ് ടെക്നോളജി എന്നീ വിഷയങ്ങൾ |

| | | | |
|---|---|---|---|
| | പരിശീലനം ലഭ്യമാക്കുന്നതെന്നും ഈ പരിശീലന പരിപാടിയിൽ മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട മേഖലകൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | | ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട കോഴ്സുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും നടത്തപ്പെടുന്നുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവിടെയുള്ള വൊക്കേഷണൽ കോഴ്സുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | 'വിദ്യാതീരം' പദ്ധതിയുടെ ഭാഗമായ 'അപ്ഗ്രേഡിംഗ് ജി.ആർ.എഫ്. ടി.എച്ച്.എസ് അസ് സെന്റർ ഫോർ എക്സലൻസ് ' പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നുണ്ട്. വൊക്കേഷണൽ സ്കൂളുകളുടെ കോഴ്സുകൾ പരിഷ്കരിക്കുന്നത്വിദ്യാഭ്യാസ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ